DESPATCHED
On.9./2./22.

13.01.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.851 (4)/21**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.6460/*എസ്.ഐ.സി-ജി2/2021*)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 13.01.2022

ശ്രീ. പി.ശശിധരൻ,
കളപ്പുരയ്ക്കൽ,
ചുട്ടിപ്പാറ, പത്തനംതിട്ട. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
   സീനിയർ സൂപ്രണ്ട്,
   ജില്ലാ സാമൂഹ്യനീതി ആഫീസ്,
   പത്തനംതിട്ട. — എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   ജില്ലാ സാമൂഹ്യനീതി ആഫീസർ
   ജില്ലാ സാമൂഹ്യനീതി ആഫീസ്,
   പത്തനംതിട്ട.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 22.02.2021 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ എതിർകക്ഷിയുടെ ഓഫീസിലെ മൂവ്മെന്റ് രജിസ്റ്റർ, ലോഗ് ബുക്ക്, ഡെയ്‌ലി ക്യാഷ് രജിസ്റ്റർ, സ്റ്റാമ്പ് രജിസ്റ്റർ തുടങ്ങിയവയുടെ പകർപ്പുകളടക്കം എട്ടിന വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് കൃത്യമായ മറുപടി നൽകിയില്ലെന്നും, ഒന്നാം എതിർകക്ഷിയുടെ കൃത്യമല്ലാത്ത മറുപടി ശരിവെയ്ക്കുകയാണ് ഒന്നാം അപ്പീലധികാരിയായ രണ്ടാം എതിർകക്ഷി ചെയ്തതെന്നും ചൂണ്ടിക്കാട്ടിയാണ് ടിയാൻ കമ്മീഷന് പരാതി നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് 13.01.2022 ൽ കമ്മീഷൻ ഓഡിയോ ഹിയറിംഗ് നടത്തി. ഒന്നാം എതിർകക്ഷിക്കു വേണ്ടി ടിയാൻ ചുമതലപ്പെടുത്തിയത് അനുസരിച്ച് ടിയാന്റെ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.എം.എസ്.ശിവദാസ് ഹാജരായി. അപ്പീൽ ഹർജിക്കാരനും ഹിയറിംഗിൽ പങ്കെടുത്തു.

3. ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ അപേക്ഷ നൽകുന്നവരോട് ബന്ധപ്പെട്ട ഓഫീസർ തട്ടിക്കയറുകയാണ് ചെയ്യുന്നതെന്നും ഓഫീസർ തോന്നുംപടിയാണ് ഓഫീസിൽ വരികയും പോവുകയും ചെയ്യുന്നതെന്നും, താൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാതെ, ഓഫീസിലെത്തി പരിശോധിക്കാനാണ് ആവശ്യപ്പെട്ടതെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

4. തങ്ങളുടെ ഓഫീസിനു കീഴിൽ 45-ഓളം സ്ഥാപനങ്ങളുണ്ടെന്നും, വൃദ്ധസദനത്തിലെ കാര്യങ്ങളുടെ ചുമതല കൂടി ഉണ്ടായിരുന്ന ഉദ്യോഗസ്ഥനെ തിരെയാണ് അപ്പീൽ ഹർജിക്കാരൻ ആരോപണം ഉന്നയിക്കുന്നതെന്നും, കോവിഡ് കാലം ആയതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മൂന്ന് തവണ ക്വാറന്റൈനിൽ ഇരുന്ന ആളാണെന്നും ഒന്നാം എതിർകക്ഷിക്കു വേണ്ടി ഹാജരായ ശ്രീ.എം.എസ്.ശിവദാസ് കമ്മീഷന് മൊഴി നൽകി. അപേക്ഷകന്റെ 2,3,4, എന്നീ ഇനങ്ങളിലെ ചോദ്യങ്ങൾ ക്കുള്ള വിവരങ്ങൾ ഓഫീസിലെത്തി പരിശോധിക്കാം എന്നു പറഞ്ഞത് സദുദ്ദേശ്യത്തോടെ ആയിരുന്നുവെന്നും, അപ്പീൽ ഹർജിക്കാരൻ താമസിച്ചിരുന്നത് ഓഫീസിന് കഷ്ടിച്ച് ഒന്നര കിലോമീറ്റർ മാത്രം അകലെയാണെന്നും ടിയാൻ പറഞ്ഞു. രാഷ്ട്രീയ വയോശ്രീ യോജന പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തെറ്റിദ്ധരിച്ചാണ് അപേക്ഷകൻ ആരോപണം ഉന്നയിക്കുന്നതെന്ന് ഒന്നാം എതിർകക്ഷി പറഞ്ഞു. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ മുമ്പ് പറഞ്ഞത് അനുസരിച്ചാണ് ടി പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചതെന്നും, എന്നാൽ പിന്നീട് കോവിഡ് വ്യാപനത്തെ തുടർന്ന് വൃദ്ധജനങ്ങളെ വിളിച്ചുവരുത്തി ബോധ്യപ്പെട്ട് പദ്ധതി നടപ്പാക്കാൻ കഴിഞ്ഞില്ലെന്നും, അതിനുശേഷം ഡയറക്ടറേറ്റിൽ നിന്ന് മറ്റു നിർദ്ദേശങ്ങളൊന്നും വരാതിരുന്നതുകൊണ്ട് നടപടി ഒന്നും എടുത്തില്ലെന്നും ടിയാൻ പറഞ്ഞു. പിന്നീട്, കേന്ദ്രസർക്കാർ ഈ പദ്ധതിയിൽ ഓൺലൈനായി അപേക്ഷ സ്വീകരിക്കുമെന്നും ടിയാൻ പറഞ്ഞു. ഈ കാര്യങ്ങളൊക്കെയാണ് ഉത്തമ ബോധ്യത്തിൽ അപേക്ഷകന് നൽകിയിട്ടുള്ളതെന്നും ടിയാൻ കൂട്ടിച്ചേർത്തു.

5. ഇരുകക്ഷികളുടെയും മൊഴികളും, അനുബന്ധരേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി പറഞ്ഞ കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ലഭ്യമായ വിവരങ്ങൾ അപേക്ഷകന് നൽകി കഴിഞ്ഞിട്ടുണ്ട്. അപേക്ഷകൻ ആവശ്യപ്പെട്ട ലോഗ് ബുക്ക് അടക്കമുള്ള രേഖകൾ ഓഫീസിലെത്തി പരിശോധിക്കാവുന്നതാണ് എന്ന ഒന്നാം എതിർകക്ഷിയുടെ മറുപടിയിൽ നിയമവിരുദ്ധമായി എന്തെങ്കിലും ഉണ്ടെന്ന് കമ്മീഷൻ കരുതുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 13.01.2022 ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

Va